സൈബർ കുറ്റകൃത്യങ്ങൾ നേരിടാൻ നടപടി

6(276) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദീകരിക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മൊബൈൽ മെസ്സേജ്, ഇ-മെയിൽ മെസ്സേജ് എന്നിവ മുഖേന ലോട്ടറി അടിച്ചെന്ന് വ്യാജ സന്ദേശം നൽകി സാമ്പത്തികതട്ടിപ്പ് നടത്തുന്നതായ വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; എത്ര കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏതൊക്കെതരം സൈബർ കുറ്റകൃത്യങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; അവയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) സൈബർ ക്രൈം സംബന്ധമായ കേസ്സുകൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്യുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടർ റാങ്കിലും അതിനുമുകളിലെ റാങ്കിലുള്ള ഉദ്യോഗസ്ഥരും ഈ കേസ്സുകൾ അന്വേഷിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം പട്ടത്ത് SCRB-യിൽ പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള സൈബർ കേസുകൾ ലോക്കൽ പൊലീസ് സ്റ്റേഷനിൽ നിന്നും ഡി.ജി.പി-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നത് അന്വേഷിച്ചുവരുന്നു. പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന Hi-Tech Crime Enquiry Cell-ഉം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്ന Cyber Cell-ഉം Cyber കുറ്റകൃത്യത്തെ സംബന്ധിച്ചുള്ള പരാതികളിൽ അന്വേഷണം നടത്തിവരുന്നു. പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന Hi-Tech Crime Enquiry Cell-ഉം, സൈബർ സെല്ലുകളും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിന് സഹായം നൽകിവരുന്നു. കൂടാതെ പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും സ്കൂൾ കോളേജ് തലത്തിൽ മീറ്റിംഗുകൾ, സ്റ്റഡി ക്ലാസുകൾ മുഖേനയും പൊതുജനങ്ങളെ സൈബർ നിയമത്തെ കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സൈബർ മെസേജ് ഇ-മെയിൽ മെസേജ് എന്നിവ മുഖേന ലോട്ടറി അടിച്ചെന്ന് വ്യാജ സന്ദേശം നൽകി സാമ്പത്തിക തട്ടിപ്പ് നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 6 പരാതികൾ ലഭിച്ചതിന് കേസുകൾ രജിസ്റ്റർ ചെയ്ത് (6) ഊർജ്ജിത അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ കൈക്കൊണ്ടുവരുന്നു. 5 കേസ്സുകളിൽ പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കൂടാതെ തൃശൂർ ജില്ലയിൽ 4 പരാതികൾ ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. ആയത് തൃശൂർ ജില്ല സൈബർ സെല്ലിൽ അന്വേഷണാവസ്ഥയിലാണ്. (ആയതിന് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

ജില്ല	പോലീസ് സ്റ്റേഷൻ	ക്രൈം നമ്പർ സെക്ഷൻ
പത്തനംതിട്ട	അടൂർ	Cr.No.5/10 u/s 420 34 IPC
	കോയിപ്രം	Cr.No.723/10 u/s 420 and 66 (g) of IT Act 2000
എറണാകുളം സിറ്റി	കൊച്ചി കസബ	Cr.No.1341/10 u/s 420 IPC Sec 66 (1) of IT Act
	എറണാകുളം ടൗൺ സൗത്ത്	280/10 u/s 420 IPC and Sec 66 of IT Act
തൃശൂർ	മണ്ണുത്തി	Cr.No.858/10 u/s 66 (D) of IT Act
പാലക്കാട്	ഹോമാംബിക നഗർ	Cr.No.151/09 u/s 420 IPC

(ഡി) Information Technology (Amendment) Act 2008 പ്രകാരം Source Code Tampering and Theft, Hacking, Unauthorized Access to the Computer System, Theft and Tampering of data, Sending Defamatory/Annoying/Insulting Message by E-Mail or SMS, Internet Fraud, Identity Theft, Credit Card Fraud, Email Harsssment, Internet Time Theft, Cyber Terrorism, Online Cheating such as lottery Cheating, Job Cheating, കൂടാതെ മൊബൈൽ ക്യാമറ ഉപയോഗിച്ച് രഹസ്യമായി സ്ത്രീകളുടെ നഗ്ന ചിത്രങ്ങളെടുത്ത് പരസ്യപ്പെടുത്തുക, Publishing or Transmitting obscence mateirals in Electronic Forms Information Technology (Amendment) Act 2008, പ്രകാരമുള്ള പ്രധാന സൈബർ കുറ്റകൃത്യങ്ങൾ IT (Amendment) Act 2008-ലെ Sec. 43 r/w 67, 66 A to 65 F, 67, 67 ABC എന്നീ വകുപ്പുകൾ പ്രകാരമാണ് ഇതിലേക്ക് കേസ് രജിസ്റ്റർ ചെയ്യുന്നത്. ഇത്തരം കുറ്റകൃത്യങ്ങളുടെ അന്വേഷണം നടത്തേണ്ടത് സർക്കിൾ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. അന്വേഷണത്തിൽ ലോക്കൽ പോലീസിന് അതാത് ജില്ലയിലെ സൈബർ സെല്ലുകളും പോലീസ് അസ്ഥാനത്തെ ഹൈടെക് സെല്ലും കൂടുതൽ ആവശ്യമെന്ന് കണ്ടാൽ അന്വേഷണത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരും സഹായം നൽകുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് പത്രദൃശ്യ മാധ്യമങ്ങളിലൂടെ ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള മുന്നറിയിപ്പ് നൽകി വരുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ കുട്ടികളെ സൈബർ ക്രൈം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ബോധവാന്മാരാക്കുന്നതിലേക്കുവേണ്ടി ക്ലാസുകൾ നടത്തുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly